പത്രക്കുറിപ്പ് 12-06-2017

# കേരളസാഹിത്യഅക്കാദമി തുഞ്ചൻ സ്മാരകപ്രബന്ധ മത്സരത്തിന് രചനകൾ ക്ഷണിച്ചു

കേരളസാഹിത്യഅക്കാദമി 2016-ലെ തുഞ്ചൻസ്മാരകപ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു. 10,000/- (പതിനായിരം) രൂപയും സാക്ഷ്യപത്രവുമാണ് മികച്ച പ്രബന്ധത്തിനുള്ള പുരസ്കാരം. **"എഴുത്തച്ഛൻ-സമകാലകവിതയിലെ പ്രതിഫലനങ്ങൾ"** എന്നതാണ് ഈ വർഷത്തെ വിഷയം. രചനകളുടെ ദൈർഘ്യം പരമാവധി നാല്പത് പേജാണ്. ഏതു പ്രായത്തിലുള്ളവർക്കും രചനകൾ അയയ്ക്കാം. ഒരുതവണ സമ്മാനം ലഭിച്ചവർ പിന്നീട് മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. രചയിതാക്കളുടെ പേരും പൂർണ്ണ മേൽവിലാസവും ഫോൺ നമ്പർ അടക്കം പ്രത്യേകം മറ്റൊരു പേജിൽ എഴുതി പ്രബന്ധത്തോടൊപ്പം സമർപ്പിക്കണം. പ്രബന്ധങ്ങൾ 2017 ആഗസ്റ്റ് 14-ാംനകം സെക്രട്ടറി, കേരളസാഹിത്യഅക്കാദമി, പാലസ് റോഡ്, തൃശ്ശൂർ - 680 020 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ ലഭിക്കണം. ഫോൺ:- 0487-2331069, 2333967, .E-mail: keralasahityaakademi@gmail.com

**ഡോ. കെ.പി. മോഹനൻ**
സെക്രട്ടറി